## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 196 09.12.2014- ൽ മറുപടിക്ക്

## "ചെറുകിട വ്യവസായ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) നൂതന സാങ്കേതിക വിദ്യയുടെ അഭാവം ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിന് തടസ്സം സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വ്യവസായ മേഖലയിലെ മത്സര രംഗത്ത് വിജയിക്കാനുതകുന്ന രീതിയിൽ നൂതന സാങ്കേതിക വിദ്യ ചെറുകിട വ്യവസായ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ മേഖലയെ മത്സരക്ഷമമാക്കുന്നതിന് വ്യവസായ വകുപ്പ് വിവിധങ്ങളായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളിലേയും, സാങ്കേതിക സ്ഥാപനങ്ങളിലേയും ഗവേഷണ ഫലങ്ങൾ ചെറുകിട വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ, ഇൻഡസ്ട്രി - വാഴ്സിറ്റി ലിങ്കേജുകൾ, എന്റർപ്രണർ ഗൈഡൻസ് സെൽ മുഖേനയുള്ള ഹാന്റ് ഹോൾഡിംഗ് സർവ്വീസുകൾ തുടങ്ങിയവ നടപ്പിലാക്കി |

വരുന്നു.

കേരള ചെറുകിട വ്യവസായ കോർപ്പറേഷനെ (സിഡ്കോ) സമീപിക്കുന്ന ചെറുകിട വ്യവസായികൾക്ക് സ്ക്രീനിംഗ്, പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിനായി ഒരു കൺസൾട്ടൻസി ഡിവിഷനും, വ്യവസായികളുടെ ആവശ്യാനുസരണം സേവനം ലഭ്യമാക്കുന്നതിന് ഒരു ഐ ടി ഡിവിഷനും പ്രവർത്തിക്കുന്നു.

20.12.2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപ്പാദനം നടത്തുന്ന വ്യവസായ സംരംഭകർക്ക് സ്ഥിരാസ്ഥികളിലുള്ള നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായമായി നൽകുന്നു.

കേരളത്തിലെ ഉൽപ്പാദകർക്ക് വിപണിയുടെ ആവശ്യങ്ങൾ, വളരുന്ന വിപണികൾ, ഗുണനിലവാരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിന് ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും സംഘടിപ്പിക്കുന്നുണ്ട്.

സി) ചെറുകിട വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ?

സി) സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നയത്തിൽ ചെറുകിട വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി വ്യവസായ ഏര്യകളിലെ ക്ലസ്റ്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും, ബഹുനില സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി എന്നിവയിൽ എം.എസ്.എം.ഇ ഓഹരി പങ്കാളിത്ത നിധി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും തീർപ്പാക്കാനുള്ളവ പരിഹരിക്കുന്നതിനും സംസ്ഥാന-ജില്ലാ തലങ്ങളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**